പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 240 19.3.2015 ന് മറുപടിക്ക്

**സ്മോൾ ഫാക്ടറീസ് ബിൽ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പി.ഉബൈദുള്ള**<br>**ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.പി.ബി.അബ്ദുൾ റസാക്**<br>**ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ.ഷിബു ബേബി ജോൺ**<br>**(ബഹു.തൊഴിലും നൈപുണ്യവും വകുപ്പ മന്ത്രി )** |
| എ)കേന്ദ്ര തൊഴിൽ മന്ത്രാലയം തയ്യാറാക്കിയിട്ടുള്ള സ്മോൾ ഫാക്ടറീസ് (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) ബിൽ, 2014-ൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളെക്കുറിച്ച് തൊഴിൽ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി)എങ്കിൽ വ്യവസ്ഥകൾ സംസ്ഥാനത്തെ തൊഴിൽ രംഗത്ത് ഉണ്ടാക്കാവുന്ന മാറ്റങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;വിശദവിവരം നൽകാമോ ; | ബി)പരിശോധിച്ചിട്ടുണ്ട് . ബില്ലിലെ വ്യവസ്ഥകൾ തൊഴിൽ രംഗത്തെ പൊതുവെ ദോഷകരമായി ബാധിക്കുവാനുള്ള സാധ്യത കാണുന്നില്ല. അഥവാ ഏതെങ്കിലും വ്യവസ്ഥകൾ ദോഷകരമാണെന്നു ബോധ്യമാകുന്ന പക്ഷം പ്രസ്തുത വ്യവസ്ഥകളെ ഒഴിവാക്കുന്നതിന് സർക്കാരിന് അധികാരം നൽകിയിട്ടുമുണ്ട്. |
| സി)ഈ ബില്ലിന്റെ പരിധിയിൽ വരാവുന്ന എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | സി)ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന 21347 ഫാക്ടറികൾ ടി നിയമത്തിന്റെ പരിധിയിൽ വരുന്നു. അതായത് സംസ്ഥാനത്ത് ഫാക്ടറി നിയമപ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന ആകെ ഫാക്ടറികളുടെ 88%വും ടി നിയമത്തിന്റെ പരിധിയിൽ വരുന്നു. |

സെക്ഷൻ ഓഫീസർ